FEBRUARY 2022
VOL-1 • ISSUE 4

# KKTM Cognizance
## A Peer Reviewed Multi-Disciplinary Research Journal

KKTM GOVERNMENT COLLEGE,
PULLUT, THRISSUR DISTRICT - 680 663

# ബാലസാഹിത്യകൃതികളിലെ പ്രകൃതിവായന

ഡോ. ജെയ്സി ഡേവിഡ്
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
എം. ഇ. എസ്. അസ്മാബി കോളേജ്
കൊടുങ്ങല്ലൂർ, തൃശ്ശൂർ
Email: jaisywilly12@gmail.com

**പ്രബന്ധസംഗ്രഹം:** പ്രകൃതിനാശം സാംസ്കാരിക വിടവ് കൂടിയാണ്. നന്മ, സ്നേഹം, സഹജീവനം, ഉടങ്ങിയ വിശുദ്ധികൾ കൂടിയാണ് നഗരജീവിതത്തിലൂടെ ആധുനിക മനുഷ്യന് നഷ്ടമാകുന്നത്. വിവര സാങ്കേതികയുഗത്തിൽ ജീവിക്കുന്ന ഇന്നത്തെ മനുഷ്യൻ പ്രകൃതിയെ വേരോടെ മുറിച്ചുമാറ്റികൊണ്ടാണ് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നത്. ഫ്ളാറ്റുകളിൽ താമസിച്ചും കമ്പ്യൂട്ടർ ഗെയിമുകളിലും ഷോപ്പിങ്ങ് മാളുകളിലും ഒഴിവുസമയം ചിലവഴിച്ചും ജീവിതം ആഘോഷിക്കുന്ന ഇന്നത്തെ കുട്ടികൾ പ്രകൃതിവിരുദ്ധ സംസ്കാരമാണ് മുറുകെ പിടിക്കുന്നത്. പച്ചപ്പ് ഇല്ലാതായാൽ വരണ്ടഭൂമി പോലെ മനുഷ്യമനസ്സും വരണ്ടുപോകും എന്ന് വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകത്തിലൂടെ എസ് ശിവദാസ് ഓർമ്മിപ്പിക്കുന്നു.

**താക്കോൽവാക്കുകൾ:** സമഭാവന, ഹരിത ആത്മീയത, പലായനം, അഗാധ പരിസ്ഥിതി ദർശനം

മനുഷ്യന്റെ വൈകാരികവും വൈജ്ഞാനികവുമായ വികാസത്തിൽ നിർണ്ണയസ്വാധീനം ചെലുത്തുന്നത് ബാല്യകാല അനുഭവലോകമാണ്. ഭാവനയും വിജ്ഞാന ദാഹവും വളർത്താൻ പര്യാപ്തമായിരിക്കണം കുട്ടിക്കാലം. സാമൂഹിക പരിതസ്ഥിതികളും പ്രകൃതിയും ബാലമനസ്സിനെ ജിജ്ഞാസയിലേക്കും സങ്കൽപലോകത്തിലേക്കും ആനയിക്കുന്നു. നിറം, സ്വരം, ഗന്ധം എന്നിവയിലൂടെ അവർ ചുറ്റുമുള്ള ലോകത്തെ സ്വയം വിഭാവനം ചെയ്യുന്നു. ബാലമനസ്സിന്റെ സങ്കൽപലോകത്തിന് ചിറകുകൾ നൽകുന്നത് കേട്ടറിഞ്ഞ കഥകളും വായിച്ച പുസ്തകങ്ങളുമായിരിക്കും. കുഞ്ഞുമനസ്സുകളുടെ ഭാവനയെ വളർത്താൻ പര്യാപ്തമായ ഭാഷയും ആഖ്യാനവുമാണ് ബാലസാഹിത്യകൃതികളുടെ കാതൽ.

ചുറ്റുപാടുകളെ കൗതുകത്തോടെ, കരുതലോടെ അറിയാൻ ബാലസാഹിത്യകൃതികൾ സഹായിക്കുന്നു. പ്രകൃതിയെ പാഠപുസ്തകമാക്കാനും പ്രകൃതി നൽകുന്ന സുഖാനുഭൂതികൾ സ്വന്തമാക്കി സർഗ്ഗാത്മക കഴിവുകൾ പോഷിപ്പിക്കുവാനും സാധ്യമായ സാഹചര്യങ്ങളാണ് ബാലസാഹിത്യം മുന്നോട്ട് വെക്കുന്നത്. പ്രകൃതിയെ തൊട്ടറിയാൻ പ്രേരണ നൽകുന്ന മികച്ച ആഖ്യാനങ്ങളാണ് എസ്. ശിവദാസിന്റെ ബാലസാഹിത്യകൃതികൾ. പ്രകൃതിയിലേക്കിറങ്ങി ചെല്ലാൻ, പ്രകൃതി